# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.462

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബിയിലേക്ക് ലഭിച്ച തുക

<table>
<tr><th>ചോദ്യം<br>ശ്രീ. ഒ. രാജഗോപാൽ</th><th>മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ) കിഫ്ബിയിലേക്ക് ഇതുവരെ എത്രകോടി രൂപ ലഭിച്ചിട്ടുണ്ടെന്നും ഇതിലേക്ക് ലഭിച്ച മുഴുവൻ തുകയും അതിന്റെ വിനിയോഗവും സി & എ.ജി.യുടെ ആഡിറ്റിന് വിധേയമാക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ; പ്രസ്തുത ആഡിറ്റ് റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തയ്യാറാകുമോ;</td><td>04.11.2019 ലെ കണക്കുകൾ പ്രകാരം കിഫ്ബി ആകെ 11,619.15/- കോടി രൂപ സമാഹരിച്ചിട്ടുണ്ട്. CAG-DPC Act, 1971 (സി&എജിയുടെ കടമകളും, അധികാരങ്ങളും സേവനങ്ങളുടെ വ്യവസ്ഥകളും) പ്രകാരം കിഫ്ബി സി&എജി ഓഡിറ്റിന് വിധേയമാണ്. ഇതിൻപ്രകാരം 2018 ലും 2019 ലും ഓഡിറ്റ് നടന്നിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും തന്നെ കിഫ്ബിയ്ക്ക് ലഭിച്ചിട്ടില്ല.</td></tr>
<tr><td>(ബി) കിഫ്ബിയിലേയ്ക്കുള്ള ഫണ്ട് ഏതെല്ലാം മാർഗ്ഗങ്ങളിലൂടെയാണ് കണ്ടെത്തുന്നതെന്നും കിഫ്ബിക്കു വേണ്ടിയുള്ള കടപ്പത്രങ്ങളുടെയും വായ്പകളുടെയും മറ്റ് വരുമാന മാർഗ്ഗങ്ങളുടേയും പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ;</td><td>കിഫ്ബി വിവിധ സ്രോതസ്സുകളിലൂടെ സമാഹരിച്ച തുകയും അവയുടെ പലിശ നിരക്കും ചുവടെ ചേർക്കുന്നു.<br><table>
<tr><th>Source</th><th>Availed Amount (Rs in Crore)</th><th>Interest Rate</th></tr>
<tr><td>Masala Bond</td><td>2150</td><td>9.723%</td></tr>
<tr><td>NABARD Term Loan</td><td>200.8</td><td>9.30%</td></tr>
<tr><td>State Bank of India- Term Loan</td><td>400</td><td>9%*</td></tr>
<tr><td>Union Bank of India- Term Loan</td><td>350</td><td>8.95%*</td></tr>
<tr><td>Indian Bank- Term Loan</td><td>400</td><td>9.15%*</td></tr>
<tr><td>Syndicate Bank – Term Loan</td><td>200</td><td>8.6%*</td></tr>
</table></td></tr>
</table>

| | | |
|---|---|---|
| Bonds to KSFE (Pravasi Chitty) | 63.12 | 8.5%-8.6%** |

* Based on current MCLR of the Bank.
** Based on Prevailing FD rate in Treasury.

| | |
|---|---|
| (സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംപര്യാപ്തതയെ കിഫ്ബി ഏതു തരത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വയംപര്യാപ്തതയെ കിഫ്ബി ഏതെങ്കിലും തരത്തിൽ ബാധിക്കുമെന്നു കരുതുന്നില്ല. കിഫ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം മോട്ടോർ വെഹിക്കിൾ ടാക്സിന്റെയും പെട്രോളിയം സെസ്സിന്റെയും കൃത്യമായ ഒരു വിഹിതം മാത്രമാണ് കിഫ്ബിയിലേക്ക് വരുന്നത്. കിഫ്ബിയുടെ പദ്ധതികൾക്കും അതിനു വേണ്ടിവരുന്ന ധനസമാഹരണത്തിന്റെ തിരിച്ചടവിനുമായാണ് ഈ തുക വിനിയോഗിക്കുന്നത്. കിഫ്ബി വഴി അടിസ്ഥാനസൗകര്യ വികസന മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ മാന്ദ്യ കാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യും. ഇത്തരത്തിൽ 50000 കോടിയുടെ പദ്ധതികൾ നടപ്പിലാക്കുക വഴി വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്. |
| (ഡി) കിഫ്ബി സംസ്ഥാനത്തിന് ഒരു ബാധ്യതയായി തീരുമെന്ന ആശങ്ക സർക്കാർ ഏതു തരത്തിലാണ് നോക്കി കാണുന്നതെന്ന് വ്യക്തമാക്കാമോ? | |

ധനകാര്യ മന്ത്രി